# വചന വിചിന്തനം : ജനുവരി 4 ഞായർ, 2009

**ലൂക്കാ 2: 41–52**

ജീവിതത്തിന്റെ വഴിത്താരയിൽ കൈപിടിച്ചു നടന്നിരുന്ന കർത്താവിന്റെ സാന്നിദ്ധ്യം നഷ്ടപ്പെട്ടു എന്ന് തിരിച്ചറിയുന്ന തിരുക്കുടുംബത്തെക്കുറിച്ച്;

ഈ സാന്നിദ്ധ്യത്തിന്റെ നഷ്ടം തിരിച്ചറിവും വേദനയും ഉളവാക്കാത്ത ഈ കാലത്തെക്കുറിച്ചും;

**പശ്ചാത്തലം:**

ജറുസലെം ദേവാലയത്തിന്റെ മഹാതിരുന്നാളായ പെസഹായോടനുബന്ധിച്ച് യഹൂദന്മാർ നടത്തിവന്നിരുന്ന "കാരവൽ യാത്ര" എന്ന തീർത്ഥാടനത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വചനഭാഗം വായിക്കപ്പെടേണ്ടത്.

യഹൂദനായി പിറക്കുന്ന ഒരുവന്റെ സ്വപ്നം തന്നെയാണ് പെസഹാത്തിരുന്നാളിൽ ജറുസലെം ദേവാലയത്തിലെത്തുക, ബലിയർപ്പിക്കുക എന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിപാർക്കുന്ന യഹൂദർ തിരുന്നാളിന്റെ കാലമാകുമ്പോൾ ജറുസലെമിലേക്ക് തീർത്ഥാടനമായി യാത്രയാകും. കാൽനടയായാണ് യാത്ര. കാതങ്ങൾ എത്ര താണ്ടണം എന്ന് മനസ്സിൽ കുറിച്ച് അത്ര ദിവസങ്ങൾക്കു മുമ്പേ യാത്ര തുടങ്ങണം. ചെറുതും വലുതുമായ സംഘങ്ങളായാണ് യാത്രികർ പോകുന്നത്. നസ്രത്തിൽ നിന്നുള്ള തീർത്ഥാടകസംഘത്തിൽ യൗസേപ്പും മറിയവും യേശുവിനെയുംകൊണ്ടു ചേരുകയാണ്.

യാത്രാ സംഘത്തിന്റെ പതിവനുസരിച്ച് പകൽ ഒറ്റയ്ക്കോ ചെറുഗ്രൂപ്പുകളായോ യാത്രയാകാം. അന്തിക്ക് ഒരുമിച്ചു കൂടേണ്ട സ്ഥലം സംഘത്തലവൻ നേരത്തെ അറിയിക്കും. അവിടെ എല്ലാവരും ഒരുമിച്ചുകൂടി വിശ്രമിച്ച് പിറ്റേന്ന് തുടർയാത്ര.

ദേവാലയത്തിലെ തിരുന്നാളുകഴിഞ്ഞ് മടങ്ങിപ്പോരുന്ന യാത്രികർ ഒരു ദിവസത്തെ വഴി പിന്നിട്ട് സന്ധ്യക്ക് ഒരുമിച്ചുകൂടുമ്പോൾ യേശുവിനെ കാണുന്നില്ല. പകൽ ബന്ധുക്കളുടെയോ പരിചയക്കാരുടെകൂടെയോ ബാലനായ യേശു കാണുമെന്നു കരുതി കാതങ്ങൾ പിന്നിടുന്ന മാതാപിതാക്കൾ. പക്ഷേ അന്തിക്ക്, ഒരുമിച്ചു കൂടേണ്ടിടത്ത് യേശുവിനെ കാണാതാകമ്പോൾ അവർ ആശങ്കപ്പെടുകയാണ്.

കൈപിടിച്ചു നടന്ന ഈശോയുടെ വിരൽത്തുമ്പ് നഷ്ടപ്പെടുന്ന ഒരു കുടുംബത്തിന്റെ, മാതാപിതാക്കളുടെ വേദന അന്വേഷണത്തിലേക്കു നീളുന്നു.

ദേവാലയത്തിന്റെ തിരുനടയിൽ വച്ചു തന്നെ മകനെ കണ്ടുമുട്ടുന്ന മാതാപിതാക്കൾ. ബാല്യം മുതലുള്ള അപ്പന്റെ, അമ്മയുടെ കരുതലാണ് അവരുടെ വിരൽത്തുമ്പിൽ പിടിച്ച് നടക്കുന്ന കുഞ്ഞ്. പക്ഷേ ഏതെങ്കിലുമൊരു പ്രായത്തിൽ നിങ്ങളുടെ വിരൽതുമ്പിൽ നിന്നകന്ന് നിങ്ങളുടെ കുഞ്ഞ് നിങ്ങൾക്ക് നഷ്ടപ്പെട്ടാൽ, അഥവാ അവന്റെ മാത്രം സന്തോഷത്തിന്റെ വഴിയേ നടക്കാൻ മുതിർന്നാൽ... എവിടെയാകും നിങ്ങൾ കുഞ്ഞിനെ തിരയുക...? മാതാപിതാക്കൾ ജീവിതം കൊണ്ടോ, ചിന്തകൊണ്ടോ വിരൽചൂണ്ടിയ ഏതെങ്കിലുമൊരിടം തന്നെയാകും അവൻ തിരഞ്ഞെടുക്കുക... തിരുക്കുടുംബം ജീവൻ നല്കിയ കുഞ്ഞിന് അത് ദേവാലയമായിരുന്നു... പക്ഷേ നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഏതായിരിക്കും ആ ഇടം?

കർത്താവിന്റെ കൈപിടിച്ചു നടന്നു തുടങ്ങുന്നവർക്ക് പറ്റുന്ന ഏറ്റവും വലിയ ഒരു പാളിച്ച, ചിലപ്പോഴെങ്കിലും ആ സാന്നിദ്ധ്യം നഷ്ടപ്പെടുന്നു എന്ന് തിരിച്ചറിയാനാകുന്നില്ല എന്ന താണ്. ജീവിതത്തിന്റെ വഴിക്കവലകളിൽ എവിടെ വച്ചോ നിങ്ങൾക്ക് കർത്താവിന്റെ വിരൽതുമ്പ് നഷ്ടമാകുന്നു. എന്നിട്ടും അതറിയാതെ യാത്ര തുടരുകയാണ്... ദുരന്തത്തിൽ എത്തി നശിക്കു വോളം:

പ്രസിദ്ധമായ ''അന്ത്യ അത്താഴ''ത്തിന്റെ (Last supper) ചിത്രം നമ്മുടെയൊക്കെ ചുവരുകളെ കുലീനമാക്കുന്നുണ്ട്. ചിത്രകാരൻ ലിയനാർദ്ദോ ഡാവിഞ്ചി.

ഈ ചിത്രം വരക്കാൻ അദ്ദേഹം തിരഞ്ഞെടുക്കുന്നത് വ്യത്യസ്തമായ ഒരു ശൈലി യാണ്. ക്രിസ്തുവിന്റെയും 12 ശ്ലീഹന്മാരുടെയും മുഖഛായയുള്ളവരെ കണ്ടെത്തി അവരെ തന്റെ ചിത്രശാലയിൽ കൊണ്ടുവന്നിരുത്തി, അവരുടെ രൂപഭാവങ്ങൾ ക്യാൻവാസിലേക്ക് പകർത്തുക യായിരുന്നു. ആദ്യം നിറം കൊടുക്കുന്നത് ക്രിസ്തുവിന്റെ ചിത്രത്തിനാണ്. അന്വേഷണത്തിനൊ ടുവിൽ, ദേവാലയത്തിന്റെ വിശുദ്ധ സാമീപ്യത്തിലായിരുന്ന ഒരു യുവാവിനെ കണ്ടെത്തുകയാ യിരുന്നു. ദൈവത്തിന്റെ നിർമ്മലതയെ മുഖഭാവങ്ങളിൽ കുടിയിരുത്തിയ ഒരു യുവാവ്. അദ്ദേ ഹത്തെ തന്റെ ചിത്രശാലയിലേക്ക് കൊണ്ടുവന്ന്, ''അന്ത്യ അത്താഴത്തിലെ'' ആദ്യ ചിത്രമെഴു തി- ക്രിസ്തുവിന്റെ.

പിന്നീട് ശിഷ്യന്മാർ 12 പേരുടെ രൂപഭാവങ്ങൾ ഉള്ളവരെ തേടി യാത്ര. ഒടുവിൽ വർഷങ്ങൾ പിന്നിട്ട് തപസ്സുപോലെ, ഒരു ദശാബ്ദം കൊണ്ട് അദ്ദേഹം 11 ശ്ലീഹന്മാരുടെയും ചിത്രങ്ങൾ ഒരുക്കി. അവശേഷിച്ചത് യൂദാസ് മാത്രം. നാണയത്തുട്ടുകൾക്ക് ഗുരുവിനെ വില പറഞ്ഞു വില്ക്കുന്ന ഒരു ശിഷ്യൻ. ഡാവിഞ്ചി ഏറെത്തേടി യൂദാസിന്റെ മുഖമുള്ള ഒരുവനെ. ഒടുവിൽ, രാത്രിയുടെ അങ്ങേ തലയ്ക്കൽ ഒരു യാത്രാമദ്ധ്യേ, ഡാവിഞ്ചി ഒരുവനെ കണ്ടെത്തുക യാണ്. വഴിയിൽ മദ്യപിച്ച് ലക്കുകെട്ട് ചീത്തവിളിക്കുന്ന ഒരു മനുഷ്യൻ. ഒരുപാട് ക്രൂരഭാവങ്ങളെ മുഖത്തൊളിപ്പിച്ചവൻ. ഡാവിഞ്ചി അവനോട് ചോദിച്ചു: ചിത്രശാലയിലേക്ക് ഒന്നു വരാമോ? അവന് ഒരു ആവശ്യമേ ഉണ്ടായിരുന്നുള്ളൂ: വരാം, പക്ഷേ ഇനിയും വീഞ്ഞു വാങ്ങിത്തരണം... വയറ് നിറയേ! ഡാവിഞ്ചി സമ്മതിച്ചു. അവനെയുംകൊണ്ട് വീട്ടിലേക്ക്. പിറ്റേന്ന് പുലർന്നപ്പോൾ അവനെ ചിത്രശാലയിരുത്തി അന്ത്യ അത്താഴത്തിന്റെ അവസാന ഭാഗവും തീർത്തു. ചിത്രകാരന് ആത്മസംതൃപ്തി.

പക്ഷേ പൂർത്തിയായ ചിത്രത്തിലേക്ക് നോക്കി ഈ മനുഷ്യൻ കരയുകയാണ്. ചിത്ര കാരൻ കാരണം തിരക്കി. ഡാവിഞ്ചിയോട് അയാൾ നിറഞ്ഞ കണ്ണോടെ മറുപടി;

സുഹൃത്തേ ഞാനിവിടെ വന്നിരുന്നു. ഇതേ ചിത്രശാലയിൽ. 13 വർഷങ്ങൾക്കു മുമ്പ്. അന്ന് ഇവിടെ ഇരുന്നത് ഈ ക്യാൻവാസിലെ ആദ്യ ചിത്രം വരക്കാൻ വേണ്ടിയാണ്... ക്രിസ്തുവിന്റെ. ഇന്ന്, 13 വർഷങ്ങൾക്കുശേഷം ഇതേ ചിത്രത്തിലെ അവസാന രൂപത്തിന് മുഖം തരാൻ.. യൂദാസിന്റെ...

ജീവിതത്തിന്റെ ഏത് ഘട്ടത്തിൽ വച്ചാണ് ചുവടുകൾ തെറ്റുന്നത്... എവിടെ വച്ചാണ് കർത്താവിന്റെ ഈ മുഖഭാവവും സാന്നിദ്ധ്യവും നിനക്കു നഷ്ടമാകുന്നത്... അത് നീ പോലും അറിയുന്നില്ല എന്നതാണ് ദുരന്തം.

ആദ്യമായി ഈശോയെ സ്വീകരിക്കാൻ അൾത്താരയുടെ മുമ്പിൽ നിന്ന അതിനിർമ്മ

ലമായ ഒരു മുഖമുണ്ടായിരുന്നു നമുക്ക്.. ഇന്ന് കാലഘട്ടങ്ങൾ കഴിയുമ്പോൾ നടനം തെറ്റിയ വഴികൾ ആ മുഖത്തുണ്ടാക്കിയ തിന്മയുടെ ചാലുകൾ നമ്മെ അസ്വസ്ഥരാക്കണം.

കുടുംബത്തിലെ സന്ധ്യാ പ്രാർത്ഥകൾക്ക് ഇടമില്ലാത്ത വിധം TV ചാനലുകൾ നിറയുമ്പോൾ...

ഞായറാഴ്ചയിലെ ബലിക്ക് പങ്കുകാരനാകാൻ സമയമില്ലാത്തവിധം വ്യഗ്രതകൾക്ക് നിന്നെ വിട്ടു നല്കുമ്പോൾ..

നാലാൾ തിരുവാഴ്ത്തുനടത്തുന്ന ഒരു തിന്മ പാപമല്ല എന്ന് വിധിയെഴുതി അതിനോടു മനസ്സു ചേർക്കുമ്പോൾ...

കൂടെ നടക്കുന്ന ദൈവത്തിന്റെ കൂട്ട് നഷ്ടപ്പെടുകയാണ്. കർത്താവ് കൂടെയുണ്ടെങ്കിലേ നിന്റെ യാത്ര തീർത്ഥാടനമാകുന്നുള്ളൂ.

യാത്രാപഥങ്ങളിൽ കരുതിവച്ചിരിക്കുന്നത് ഏത് സഹനങ്ങളും കണ്ണീരും ബലിയുമൊക്കെയാണെങ്കിലും.. കൂടെ നടക്കാൻ കർത്താവുണ്ടെങ്കിൽ അതൊരു സ്നാനംപോലെ നിന്നെ ഉന്മേഷഭരിതമാക്കും..

അതുകൊണ്ട് കർത്താവിന്റെ കൈ പിടിച്ചു നടക്കാൻ.. ഒരു വേള അതു നഷ്ടപ്പെട്ടാൽ അത് നിനക്കൊരു വിശുദ്ധ നൊമ്പരമായി മാറാനും.... കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.

**ഫാ. അലക്സ് വേലച്ചേരിൽ**